**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5685** **24-03-2025 - ൽ മറുപടിയ്ക്ക്**

**മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ലഭ്യത കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ യുവാക്കളിൽ വ്യാപകമായി കണ്ടുവരുന്ന അക്രമവാസന, നിഷ്ഠൂരമായ കൊലപാതകം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ മദ്യവും മയക്കമരുന്നും വലിയ തോതിലുള്ള സ്വാധീനം ചെലുത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ലഭ്യത കുറയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മദ്യത്തിന്റെയും മയക്കു മരുന്നുകളുടെയും ലഭ്യത കുറയ്ക്കാൻ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (ബി) | ഭരണഘടനയുടെ ആർട്ടിക്കിൾ 47-ന് വിരുദ്ധമായി, അടച്ചുപൂട്ടിയ മദ്യഷാപ്പുകൾ തുറക്കുകയും ബിവറേജസ് ഔട്ട് ലെറ്റുകൾ വഴി മദ്യം സുലഭമായി നൽകുകയും പുതിയ മദ്യ ഫാക്ടറികൾ ആരംഭിക്കുകയും ചെയ്യുമ്പോൾ മദ്യപാനം സാർവത്രികമാവുകയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ മദ്യത്തിന്റെ ഉല്പാദനവും വിപണനവും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കു മോ? | (ബി) | സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമായി വിജയകരമായി നടപ്പിലാക്കുവാൻ കഴിയാത്തതിനാൽ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ച് കൊണ്ട് വരുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത മദ്യനയം. അടച്ചുപൂട്ടിയ മദ്യഷാപ്പുകൾ തുറക്കുകയും ബിവറേജസ് ഔട്ട് ലെറ്റുകൾ വഴി മദ്യം ലഭ്യമാക്കുകയും ചെയ്യുന്നത് വഴി സർക്കാർ നിയന്ത്രണത്തിൽ ശുദ്ധമായ മദ്യം ലഭ്യമാക്കി വ്യാജമദ്യം മൂലമുള്ള വിപത്തുകൾ തടയുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ